പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2314 09.03.2018 ലെ മറുപടിയ്ക്ക്

## വനം വകുപ്പിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അഴിമതികൾ തടയുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി വനം വകുപ്പും ഈ സർക്കാരും സ്വീകരിച്ചുവരുന്ന നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട-നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റ-പ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യം ഒരുക്കൽ എന്നിവ നടപ്പാക്കുന്നു.<br>• വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിധ്യശോഷണം തടയുന്നതി-നുമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നു.<br>• കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>• വാളയാറിലും, അരിപ്പയിലും, തിരുവനന്തപുരം പി.ടി.പി നഗറിലുമുള്ള പരിശീലന കേന്ദ്രങ്ങളിലൂടെ വനം വകുപ്പിലെ സംരക്ഷണ വിഭാഗത്തിലെ ഉദ്യോഗസ്ഥരായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് തുടർച്ചയായുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.<br>• വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന ഏജൻസികൾക്കും അവ- |

ബോധം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

- വനം വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.
- ഫോറസ്റ്റ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർവത്ക്കരണം, വകുപ്പിന്റെ എല്ലാ ഓഫീസുകളിലും തമ്മിൽ നെറ്റ് വർക്ക് കണക്ടിവിറ്റി, ഇ-ഗവേണൻസ് പദ്ധതികൾ, എം-ഗവേണൻസ് പദ്ധതികൾ വയർലസ് സാങ്കേതിക വിദ്യ എന്നിവ നടപ്പിലാക്കിവരുന്നു.

വനം വകുപ്പിലെ അഴിമതികൾ തടയുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ഇത്തരത്തിലുള്ള പരാതികൾ യഥാസമയം അറിയിക്കുവാൻ വനംവകുപ്പാസ്ഥാനത്ത് ടോൾ ഫ്രീ നമ്പർ പ്രകാരം സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ പ്രകാരം ലഭിക്കുന്ന പരാതികൾ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര ജീവനക്കാർക്കെതിരെ പരാതികൾ ലഭിച്ചു ; എത്ര പേരെ കുറ്റക്കാരായി കണ്ടെത്തി ; എത്രപേർക്കെതിരെ അന്വേഷണം നടന്നുവരുന്നു ; എത്ര പേർ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി 351 ജീവനക്കാർക്കെതിരെ പരാതികൾ ലഭിക്കുകയും അന്വേഷണം നടത്തിയതിൽ 51 ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്നു കണ്ടെത്തുകയും, 133 ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം നടന്നുവരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ